LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ മണ്ഡലത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

33(2501) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളത്; എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്; പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനത്തിന് മുൻഗണനയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി;

(സി) കെട്ടിട നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് മാത്രമാണുള്ളത്. ഒരു വർഷം 30 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനത്തിന് മുൻഗണനയുണ്ട്. പട്ടികജാതിക്ക് 60% സീറ്റും പട്ടിക വർഗ്ഗത്തിന് 20% സീറ്റും ജനറലിന് 20% സീറ്റുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി&സി) നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ആയത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

തെരുവ് നായ്ക്കളുടെ ആക്രമണമേൽക്കുന്നവർക്ക് ചികിത്സ

34(2502) ശ്രീമതി. കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തെരുവ് നായ്ക്കളുടെ കടിയേറ്റ് ആശുപത്രിയിൽ ചികിത്സ തേടിയവരുടെ എണ്ണം എത്ര; ജില്ല തിരിച്ചു വ്യക്തമാക്കുമോ; ഇതിൽ എത്ര പേർ മരണപ്പെട്ടു;

(ബി) പട്ടികടിയേറ്റ് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ ചികിത്സയ്ക്കും മരുന്നിനുമായി ഈ സർക്കാർ ആകെ ചെലവഴിച്ച തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;